മുള്ളേരിയിൽ 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനായിട്ടുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെതന്നെ 220 കെ. വി. സബ്സ്റ്റേഷൻ ഉടനെതന്നെ സ്ഥാപിക്കുന്നതാണ്. ലോകബാങ്കിന്റെ സഹകരണത്തോടുകൂടി ഒരു വലിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. കണ്ണൂർ കാസർകോട് 110 കെ. വി. ലൈനിനുപകരം 220 കെ. വി. ലൈൻ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ലോകബാങ്കിന്റെ സഹകരണത്തോടുകൂടി ഇവിടത്തെ മുഴുവൻ സിസ്റ്റവും ബലപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു വൻപിച്ച പരിപാടി ഇപ്പോഴും ഏറ്റെടുക്കാൻപോകുകയാണ്. അതോടുകൂടി ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാശിക്കുകയാണ്.

## (2) ഒറ്റപ്പാലത്ത് ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടം

ശ്രീ. വി. സി. കബീർ : സർ, 19-ാം തീയതി രാത്രി ഒറ്റപ്പാലത്തിനടുത്തുണ്ടായ ചുഴലിക്കാറ്റിൽ ധാരാളം വീടുകൾക്ക് നാശനഷ്ടമുണ്ടായിരിക്കുകയാണ്. 19-ാം തീയതി ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ ലക്കിടി, പേരൂർ, മലപ്പുറം, മുളഞ്ചൂർ, നെല്ലിക്കുറിശി എന്നീ സ്ഥലങ്ങളിൽ 70 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്. അതുപോലെതന്നെ വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയവയ്ക്കും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. 20-ാം തീയതിതന്നെ ഞാൻ അവിടെചെന്ന് ആ വീടുകളെല്ലാം സന്ദർശിക്കുകയുണ്ടായി. അവിടത്തെ നാശനഷ്ടങ്ങൾ വളരെ വലുതാണ്. പാവപ്പെട്ടയാളുകൾക്കാണ് നാശനഷ്ടങ്ങളുണ്ടായിട്ടുള്ളത്. ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നും തക്കസമയത്ത് ആശ്വാസനടപടികളുണ്ടായില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ഈ നാശനഷ്ടങ്ങളുണ്ടായ ഗൃഹനാഥൻമാരെ അടിയന്തിരമായി സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 19-ാം തീയതിയുണ്ടായ ചുഴലിക്കാറ്റുമൂലം 10 വീടുകൾ പൂർണ്ണമായും 204 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. അതുപോലെതന്നെ 20,000 രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. ഒരു യു. പി. സ്കൂളിലെ ഷെഡ്ഡ് പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികവിളകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. ചില വൈദ്യുതിലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (3) കൊപ്പം–വേങ്ങാട്ടിരി റോഡിന്റെ അറ്റകുറ്റപ്പണി

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, എന്റെ നിയോജകമണ്ഡലത്തിലെ നെല്ലായ്, കൊപ്പം, ഓമല്ലൂർ എന്നീ മൂന്നു പഞ്ചായത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നതും പാലക്കാട്ടു നിന്നും ചെറുപ്പുളശ്ശേരി വഴി 20 കിലോമീറ്ററിന്റെ ലാഭം കോഴിക്കോട്ടേക്ക് പോകാൻ ലാഭിക്കുന്നതുമായ റോഡാണ് കൊപ്പം-വേങ്ങാട്ടിരി റോഡ്. 1957-ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പല ഘട്ടങ്ങളിലായി 1980-ലാണ് ഇതിന് അംഗീകാരം കിട്ടിയത്. ആ റോഡിന്റെ പ്രവർത്തനം ഉൽഘാടനം ചെയ്തത് ശ്രീമാൻ സി. എച്ച്. മുഹമ്മദ് കോയ ആണ്. അത് 1983-ലാണ്. എന്നാൽ ഇന്നുവരെ അതിന്റെ ഒരു പ്രവർത്തനവും മുന്നോട്ടു പോയിട്ടില്ല. അത് സ്തംഭനാവസ്ഥയിലാണ്. എത്രയോ ഡി. ഡി. സി. കളിൽ ഈ പ്രശ്നം ഉന്നയിച്ചതാണ്. അടിയന്തിരമായി ആ റോഡിന്റെ പ്രവർത്തനം ഏറ്റെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെയാണ് എം. എൽ. എ. റോഡിന്റെ കാര്യവും. എം. എൽ. എ. റോഡുകളുടെ എസ്റ്റിമേറ്റ് പൂർത്തിയായിയെങ്കിലും അതിന്റെ ടെൻഡർ വിളിക്കുകയോ അതിന്റെ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. പട്ടാമ്പിയിൽ ഇപ്പോഴും നിലനിൽക്കുന്ന ഒരു പി.ഡബ്ലിയു.ഡി. ഓഫീസുണ്ട്. ആ ഓഫീസുപോലും അവിടെ നിന്ന് മാറ്റുന്നതിനാവശ്യമായ നീക്കങ്ങളും നടക്കുന്നുവെന്നാണറിയുന്നത്. പി. ഡബ്ലിയു. ഡി. ക്കാർ പൊതുവെ ഏറ്റെടുത്ത വർക്കുകളും നടത്തുന്നില്ല. എം. എൽ. എ. റോഡുകളെന്ന നിലയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ട റോഡുകളുടെ പ്രവർത്തനങ്ങളും വേണ്ടവിധത്തിൽ ധൃതഗതിയിൽ മുന്നോട്ടു പോകുന്നില്ല. ഓഫീസ് മാറ്റാനുള്ള ശ്രമങ്ങളും നടക്കുന്നു. മൊത്തത്തിൽ ആ പ്രദേശത്തോട് ഒരവഗണനയുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ആ പ്രദേശത്തെ നാട്ടുകാർ മുഴുവനുമായി മുസ്ലീംലീഗും കോൺഗ്രസുകാരുമടക്കം സർവ്വകക്ഷി സമ്മേളനം നടത്തി ഒരു വലിയ സമരത്തിന് ഒരുക്കം കൂട്ടിയിരിക്കുകയാണ്. അടിയന്തിരമായി ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ പതിയുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഓഫീസ് മാറ്റവും ഈ പ്രവർത്തനങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് ഞാൻ ആദ്യമായി പറയുകയാണ്. അദ്ദേഹം പറഞ്ഞ റോഡിന്റെ കൊപ്പം-വേങ്ങാട്ടിരി റോഡിന്റെ അനുമതി 1982-ൽ നൽകിയിട്ടുള്ളതാണ്. 1983-ൽ അതിന്റെ പ്രവർത്തനം ആരംഭിച്ചു. 1985 ഏപ്രിലിൽ ജോലി തുടർന്നു നടത്താൻ തയ്യാറാകാത്ത പിൻമാറിയിരിക്കുകയാണ്. അതുവരെ അവിടെ ഓഫീസുണ്ടായിരുന്നു. ഓഫീസ് ഇല്ലാത്ത കുഴപ്പമില്ല. ആ കരാറുകാരൻ 1985-ൽ വർക്ക് ഇട്ടിട്ടുപോയി. അതിനുശേഷം അദ്ദേഹത്തെക്കൊണ്ട് അത് നടത്തിപ്പിക്കാൻ സാധിക്കുമോയെന്നുള്ള പരിശ്രമത്തിലായിരുന്നു. നടത്താൻ സാദ്ധ്യമല്ലെന്നു മനസിലായി. 30 ശതമാനം വർക്കുമാത്രമേ തീർന്നിട്ടുള്ളു. മറ്റ് ഏർപ്പാടുകളെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

പിന്നെ എം. എൽ. എ. റോഡിന്റെ കാര്യം പറഞ്ഞു. പട്ടാമ്പി-വെറൈനറി ഹോസ്പിറ്റൽ റോഡ് 13-3-1986-ൽ ഗവൺമെന്റ് ഏറ്റെടുത്തു. ഇതുവരെ അതിന് തടസമുണ്ടായിരുന്നു. ഇനിമേൽ ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. അതുപോലെതന്നെയാണ് ഓമല്ലൂർ-കാരക്കാട് റെയിൽവേസ്റ്റേഷൻ റോഡ്. പട്ടാമ്പി വെറൈനറി ഹോസ്പിറ്റൽ റോഡ് ശങ്കരമംഗലം വഴി പോകുന്ന റോഡാണ്. മാർച്ചുമാസം പണി ഏറ്റെടുത്തിട്ടേയുള്ളു. മാർച്ചുമാസം ഏറ്റെടുത്ത റോഡിന്റെ പ്രവർത്തനം സ്തംഭനത്തിലാണെന്നു പറയാൻ പറ്റുകയില്ല. ഇനി ഇതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടക്കും. മറ്റൊന്ന് നെല്ലായ-മാമുണ്ടിക്കടവു റോഡാണ്. അത് ഏറ്റെടുത്തു നടത്തണമെന്ന് എം. എൽ. എ. നിർദ്ദേശിച്ചു. 27-3-1982-ൽ നെല്ലായ-മാമുണ്ടിക്കടവ് റോഡ് ഏറ്റെടുത്തുനടത്തണമെന്ന് ഓർഡർ പുറപ്പെടുവിച്ചു. ഈ റോഡ് പകരം റോഡായി നിർദ്ദേശിച്ചതുസംബന്ധിച്ച് പണിക്കാവശ്യമായ എസ്റ്റിമേറ്റു തയ്യാറാക്കി ഗവൺമെന്റിലേക്ക് അയയ്ക്കുന്നതിന് ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തിൽ സ്തംഭനം ഉണ്ടായിട്ടില്ല.

## (4) പുനലൂർ പേപ്പർ മില്ലിലെ തൊഴിൽ സമരം

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പുനലൂർ പേപ്പർ മില്ലിലെ തൊഴിലാളികളും അനുവേക്കുന്ന വളരെ ഗൗരവതരമായ ബുദ്ധിമുട്ടിനെക്കുറിച്ച് ആണ് ഞാൻ പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly